# കിസ്മത്

## അലക്സാണ്ടർ കുപ്രീൻ

**പണ്ടൊരിക്കൽ** ചെറുതെങ്കിലും ഐശ്വര്യപൂർണ്ണമായ ഒരു പട്ടണത്തിൽ ഒരു വ്യാപാരി പാർത്തിരുന്നു. ആനക്കൊമ്പ്, കമ്പളങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, അത്തർ മുതലായവയാണ് അയാൾ വില്പന നടത്തിയിരുന്നത്. ബുദ്ധിശക്തിയും, ഭക്തിയും, വിനയവും, സത്യസന്ധതയും കുറ്റമറ്റ രീതിയിൽ കാര്യങ്ങൾ നടത്തുന്നതിൽ കാട്ടിയ ശുഷ്കാന്തിയും മൂലം അയാൾക്ക് ജനങ്ങളുടെ ആദരവും വിശ്വാസവും നേടാൻ കഴിഞ്ഞു.

ഒരിക്കൽ വളരെയധികം സ്വർണ്ണപ്പൊടി കുറഞ്ഞ വിലയ്ക്കു വാങ്ങാനുള്ള ഒരവസരം അയാൾക്കു ലഭിച്ചു. അതു വാങ്ങി കൂടിയ വിലയ്ക്കു വിറ്റാൽ അയാൾക്ക് തന്റെ സ്വത്തു മൂന്നിരട്ടി വർദ്ധിപ്പിക്കാം. എന്നാൽ സ്വർണ്ണപ്പൊടി വാങ്ങുവാൻ വളരെയധികം പണം വേണ്ടിയിരുന്നു. പണമായും ചരക്കായും തന്റെ കൈവശമുള്ളതെല്ലാം കൊടുക്കുന്നതിനും പുറമേ താൻ കടം കൊടുത്തിട്ടുള്ള പണം കൂടി അതിനു മുടക്കേണ്ടിവരുമെന്ന് അയാൾക്കു മനസ്സിലായതുകൊണ്ട് അതിന്റെ നന്മതിന്മകളെക്കുറിച്ച് അയാൾ വളരെ നേരം ആലോചിച്ചു. അതൊരു ലാഭക്കച്ചവടമായിരിക്കുമെന്നും തലേലെഴുത്ത് ചീത്തയാണെങ്കിൽ മാത്രമേ മറിച്ചാകാൻ ഇടയുള്ളുവെന്നും ഒടുവിൽ അയാൾക്കു ബോദ്ധ്യമായി. തന്റെ സകല സ്വത്തുക്കളും അതിനുവേണ്ടി മുടക്കാൻ അയാൾ തീരുമാനിച്ചു.

ഒരാഴ്ചയ്ക്കകം വ്യാപാരി അതിനുവേണ്ട ഏർപ്പാടുകളെല്ലാം പൂർത്തിയാക്കി. വ്യാപാരികൾക്കു സ്വതസ്സിദ്ധമായ കൗശലത്തോടെ, സ്വന്തം വീട്ടുകാർപോലും അറിയാതെയാണ് അയാൾ അതൊക്കെ ചെയ്തത്. ഒരു വ്യാഴാഴ്ച വെളുപ്പിന്– മംഗളകാര്യങ്ങൾ നടത്താനുള്ള ശുഭമുഹൂർത്തമാണല്ലോ അത് – അയാൾ മൂത്ത മകനെ അരികിൽ വിളിച്ച് ഇങ്ങനെ പറഞ്ഞു: 'ചെമ്പൻ കുതിരയ്ക്കു ജീനികെട്ടി നീ ഒരു യാത്രയ്ക്ക് തയ്യാറായിക്കോളൂ. എനിക്കു യാത്രചെയ്യാൻ കോവർ കഴുതയേയും തയ്യാറാക്കണം. ജീനിസഞ്ചികൾ മറക്കാതെ എടുക്കണം.'

തിരിച്ചൊന്നും ചോദിക്കാതെ മകൻ അച്ഛൻ പറഞ്ഞത് അനുസരിച്ചു– അവന്റെ പ്രകൃതം അതായിരുന്നു. ജീനിയുടെ ഇരുവശത്തും അവൻ അച്ഛൻ കൊടുത്ത തുകൽ സഞ്ചികൾ ഭദ്രമായി കെട്ടിവച്ചു. യാത്ര സുഗമമായിരിക്കാൻ അല്പനേരം പ്രാർത്ഥിച്ചിട്ട് സൂര്യനുദിച്ചപ്പോൾത്തന്നെ അവർ

Scanned with CamScanner

പുറപ്പെട്ടു— അച്ഛൻ മുമ്പിലും മകൻ അല്പം പിന്നിലും.

ചെല്ലുന്നിടത്തെല്ലാം ഭാഗ്യദേവത അവരെ എതിരേറ്റു. വളരെ വേഗത്തിലും ലാഭകരമായും കാര്യങ്ങൾ നടത്താൻ അവർക്കു കഴിഞ്ഞു. വിചാരിച്ചതിലും ഭംഗിയായി കാര്യങ്ങൾ നടക്കുന്നതു കണ്ടപ്പോൾ വ്യാപാരിക്ക് തെല്ലു ഭയം തോന്നാതിരുന്നില്ല. ദോഷമൊന്നും വരാതിരിക്കാൻ അയാൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 'അള്ളായുടെ അനുഗ്രഹം,' 'പടച്ചോന്റെ കൃപ,' എന്നിങ്ങനെ അയാൾ പിറുപിറുത്തുകൊണ്ടിരുന്നു.

ഫ്രാൻസിലെ രാജകുമാരനും സ്പെയിനിലെ രാജകുമാരിയും തമ്മിലുള്ള വിവാഹം പ്രമാണിച്ച് ആഡംബരവസ്തുക്കളുടെ വില പെട്ടെന്ന് കുതിച്ചുകയറിയിട്ടുണ്ടെന്ന് മാർഗ്ഗമദ്ധ്യേ വ്യാപാരിക്കു മനസ്സിലായി. ഉദ്ദേശിച്ചതിലും ഇരട്ടി ലാഭത്തിൽ ചരക്കുകളെല്ലാം വിറ്റഴിക്കാൻ വ്യാപാരിക്കു കഴിഞ്ഞു. കൂടാതെ അയാളുടെ കടക്കാരെല്ലാവരും ധനവാന്മാരും നല്ലവരുമായിരുന്നതിനാൽ കടം വാങ്ങിയിരുന്ന പണം മുഴുവൻ അവർ സസന്തോഷം അയാൾക്കു തിരിച്ചുകൊടുത്തു. വഴിയിൽ വ്യാപാരിക്കും പുത്രനും എന്തെങ്കിലും തടസ്സമോ കാലവിളംബമോ ഉണ്ടായതുമില്ല.

അങ്ങിനെ കാര്യങ്ങളെല്ലാം ഭംഗിയായി നടത്തിയിട്ട് വ്യാപാരി സ്വർണ്ണപ്പൊടി അന്വേഷിച്ച് തീരദേശത്തെ ഐശ്വര്യപൂർണ്ണമായ പട്ടണത്തിലേക്കു തിരിച്ചു. തികച്ചും സന്തുഷ്ടനായിരുന്നെങ്കിലും അയാൾ ആരും കേൾക്കാതെ "ഇൻസല്ല," എന്നു പിറുപിറുത്തുകൊണ്ടിരുന്നു.

ലക്ഷ്യസ്ഥാനത്തെത്താൻ ഒരു ദിവസത്തെ വഴി ബാക്കിയുള്ളപ്പോൾ അവർ ആഹാരം കഴിക്കാനും രാത്രി വിശ്രമിക്കാനുംവേണ്ടി വഴിയരികിലുള്ള ഒരു സത്രത്തിൽ കയറി. അച്ഛൻ പതിവുപോലെ സഞ്ചികളും കൈയിലെടുത്തുകൊണ്ട് കാപ്പി കുടിക്കാനുള്ള മുറിയിലേക്കു നടന്നു. മകൻ മൃഗങ്ങളെ ലായത്തിൽ കൊണ്ടുചെന്ന് ജീനിമാറ്റി അവയ്ക്കു തീറ്റ കൊടുത്തു. പിന്നീട് രണ്ടുപേരും കൈകഴുകി പ്രാർത്ഥന ചൊല്ലിയിട്ട് അത്താഴം കഴിക്കാനിരുന്നു.

അവർ അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ബഹളക്കാരായ ഒരു സംഘം ആളുകൾ അവിടെ കയറിച്ചെന്നു. അവർ മദ്യപിക്കുകയും പാട്ടുപാടുകയും പിന്നേയും മദ്യപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ വാക്കുതർക്കത്തിലും കൈയേറ്റത്തിലുമാണ് അത് കലാശിച്ചത്. ചീത്തവിളികളും അട്ടഹാസങ്ങളും മുഷ്ടിചുരുട്ടിയുള്ള ഇടികളും കൊണ്ട് അവിടെ സർവ്വത്ര ബഹളമായി. പലരും കത്തിയൂരി.

'ഇവിടെ കുഴപ്പമുണ്ടാകാൻ പോവുകയാണ്, നമുക്ക് വേഗം സ്ഥലം വിടാം,' എന്നു പറഞ്ഞുകൊണ്ട് വ്യാപാരി എണീറ്റു. 'മൃഗങ്ങളെ ജീനികെട്ടിക്കാൻ ഞാനും സഹായിക്കാം.'

കുറ്റാക്കുറ്റിരുട്ടത്ത് അച്ഛനും മകനും കൂടി കുതിരയേയും കഴുതയേയും

ജീനികെട്ടിച്ചു. അവർ അതിവേഗം അവിടെ നിന്നും പോയി. സത്രത്തിൽ നിന്നുള്ള ശബ്ദം കേൾക്കാത്തത്ര ദൂരത്ത് അവർ എത്തിക്കഴിഞ്ഞു. എല്ലാ ശബ്ദവും നിലച്ചുകഴിഞ്ഞപ്പോൾ പൊടുന്നനെ പിതാവ് കഴുതയെ നിർത്തി. തന്റെ ചുറ്റും എന്തോ തപ്പിനോക്കിയിട്ട് അയാൾ മകനോട് ആജ്ഞാപിച്ചു: 'നിൽക്ക്, നമുക്ക് തിരിച്ചുപോകാം.'

വ്യാപാരി കഴുതയെ തിരിച്ചോടിച്ചു. വേഗം ഓടാൻ അതിനെ അയാൾ ചാട്ടകൊണ്ടടിച്ചു. മകൻ അച്ഛനെ പിൻതുടർന്നു.

സത്രത്തിന്റെ മുറ്റത്തെത്തിയപ്പോൾ ജനലിലൂടെ അവർ തീൻമുറിയുടെ ഉള്ളിലേക്ക് നോക്കി. ഉള്ളിൽ ഒച്ചയും അനക്കവുമില്ല. വിളക്കു കത്തുന്നുണ്ട്, പക്ഷേ ആളുകളാരും അവിടെ ഇല്ല. ഒന്നുകൂടി സൂക്ഷിച്ചുനോക്കിയപ്പോൾ നിലത്ത് ശവശരീരങ്ങൾ ചിതറിക്കിടക്കുന്നതും രക്തം തളം കെട്ടിക്കിടക്കുന്നതും അവരുടെ കണ്ണിൽപ്പെട്ടു. എത്ര വിളിച്ചിട്ടും സത്രം സൂക്ഷിപ്പുകാരനോ ജോലിക്കാരോ പുറത്തു വന്നില്ല. അടിപിടിയും കത്തിക്കുത്തും നടന്നതുകണ്ട് പേടിച്ച് അവർ കെട്ടിടത്തിനുള്ളിലെവിടെയോ ഒളിച്ചിരിക്കുകയോ കാട്ടിലേക്ക് ഓടിപ്പോവുകയോ ചെയ്തിരുന്നു.

വ്യാപാരി കടിഞ്ഞാൺ മകനെ ഏൽപിച്ചിട്ട് പടവുകൾ ഓടിക്കയറി തീന്മുറിയിൽ പ്രവേശിച്ചു. അത്താഴം കഴിക്കുമ്പോൾ തങ്ങൾ ഇരുന്നിരുന്ന ബഞ്ചിനടുത്തു ചെന്ന് അച്ഛൻ കുനിയുന്നതും രണ്ടു തുകൽസഞ്ചികൾ പൊക്കി തോളിൽ വയ്ക്കുന്നതും മകൻ കണ്ടു. തങ്ങൾ തുകൽസഞ്ചികൾ അവിടെ മറന്നുവച്ചിട്ടാണ് പോയതെന്ന് അപ്പോഴാണ് മകന് മനസ്സിലായത്.

വ്യാപാരി തിരിച്ചുവന്ന് ഒരക്ഷരം മിണ്ടാതെ സഞ്ചികൾ ജീനിയിൽ കെട്ടിവച്ചിട്ട് കഴുതപ്പുറത്തേക്കു ചാടിക്കയറി ചാട്ടകൊണ്ട് അതിന്റെ പള്ളയ്ക്കടിച്ചു. മൃഗങ്ങളെ വളരെ വേഗത്തിൽ ഓടിച്ച് അവർ ദീർഘനേരം യാത്രചെയ്തു. പോലീസുകാർ സത്രത്തിലെത്തിയാലുടൻ സംശയിച്ച് തങ്ങളുടെ പിന്നാലെ വരുമെന്നും തങ്ങളെ പിടിച്ച് കാസിയുടെ മുമ്പാകെ ഹാജരാക്കുമെന്നുമായിരുന്നു അവരുടെ പേടി. കുറ്റക്കാരാണെങ്കിലും അല്ലെങ്കിലും തന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നവരുടെ അവസാനത്തെ ചില്ലിയും തട്ടിയെടുത്തിട്ടേ കാസി വിടുകയുള്ളുവെന്ന് അവർക്ക് അറിയാമായിരുന്നു.

കിഴക്കു വെള്ള കീറിയപ്പോൾ മരക്കൂട്ടങ്ങളുടെ ഇടയിൽ മറഞ്ഞുകിടന്ന ഒരു ചെറുചോലയുടെ അരികിൽ അവർ എത്തിച്ചേർന്നു. അവിടെ ഇറങ്ങി കഴുതയേയും കുതിരയേയും ഒരു മരത്തിൽ കെട്ടിയിടാൻ വ്യാപാരി മകന് നിർദ്ദേശം കൊടുത്തു.

നിത്യകർമ്മങ്ങൾ നടത്തിക്കഴിഞ്ഞ് അച്ഛൻ മകനോടു പറഞ്ഞു: 'സഞ്ചികൾ എടുത്തുകൊണ്ട് എന്റെ കൂടെ വരൂ.'

മരങ്ങൾക്കിടയിൽ ആരുടേയും കണ്ണിൽപ്പെടാത്ത ഒരു ചെറിയ വെളി

Scanned with CamScanner

പ്രദേശമുണ്ടായിരുന്നു. അവിടെ എത്തിയപ്പോൾ വ്യാപാരി നടപ്പു നിർത്തി.

'നമുക്ക് ഇവിടെ ഇരിക്കാം,' അയാൾ പറഞ്ഞു.

അച്ഛനും മകനും പുൽത്തകിടിയിൽ ഇരുന്നു. അച്ഛൻ രണ്ടു സഞ്ചികളുടേയും കെട്ടഴിച്ചു. അതിലെ സാധനങ്ങൾ അയാൾ സമമായി വീതിച്ചുതുടങ്ങി. വൈരങ്ങളും വെൺമുത്തുകളും ഇന്ദ്രനീലക്കല്ലുകളും വലിപ്പവും വിലയും അനുസരിച്ച് തരംതിരിച്ച് രണ്ട് സമഭാഗങ്ങളാക്കി മാറ്റിവച്ചു. സ്വർണ്ണക്കട്ടികളും പ്രോമിസറിനോട്ടുകളും സമമായിത്തന്നെ അയാൾ വീതിച്ചു. എല്ലാം പങ്കിട്ടു കഴിഞ്ഞപ്പോൾ അയാൾ മകനോടു പറഞ്ഞു:

'ഈ രണ്ട് സമഭാഗങ്ങളിൽ ഒന്ന് നിന്റേതാണ്. ഇഷ്ടമുള്ളത് തിരഞ്ഞെടുത്ത് സഞ്ചിയിലാക്കി ജീനിയിൽ ഭദ്രമായി കെട്ടിവച്ചിട്ട് നീ യാത്ര തുടരണം. നാം പോകാനുദ്ദേശിച്ചിരുന്ന ദിശയിലേക്കു തന്നെ നീ കുതിരയോടിച്ചു പോകണം. ഏതാനും മിനിട്ടുകൾ യാത്ര ചെയ്താൽ വഴി രണ്ടായി പിരിയുന്ന ഒരിടത്ത് നീ എത്തിച്ചേരും. അവിടെനിന്ന് ഇടത്തോട്ടു പോകുന്ന വഴിയിലൂടെ നീ യാത്ര ചെയ്യണം. വീട്ടിലെത്താനുള്ള ഒരു കുറുക്കുവഴിയാണ് അത്. ഇനിമുതൽ നീയായിരിക്കും കുടുംബനാഥൻ. അത് എപ്പോഴും ഓർമ്മ വേണം. നിനക്ക് ഉചിതമെന്നു തോന്നുന്ന മാതിരി നീ ജീവിക്കുക. നിന്നെ ഉപദേശിക്കാനോ അനുഗ്രഹിക്കാനോ ഞാൻ അശക്തനാണ്. തിരിഞ്ഞുനോക്കാതെ മുന്നോട്ടു പോകൂ. ഞാൻ ദീർഘകാലത്തേക്കു പിരിഞ്ഞുപോവുകയാണ്. ഒരു പക്ഷേ ഇനി ഒരിക്കലും നമ്മൾ കണ്ടുമുട്ടിയില്ലെന്നുവരാം. നീ പൊയ്ക്കോളൂ.'

മകൻ ഒരക്ഷരം മിണ്ടാതെ അച്ഛന്റെ കാൽക്കൽ വീണു നമസ്കരിച്ചിട്ട് കുതിരപ്പുറത്തു കയറി. നിമിഷങ്ങൾക്കകം അയാളും കുതിരയും കാട്ടിനുള്ളിൽ മറഞ്ഞു.

വ്യാപാരിയേയും മകനേയും കുറിച്ച് തൽക്കാലം കൂടുതലൊന്നും പറയാനില്ല.

മഹത്തായ ഒരു രാജ്യത്തിന്റെ തലസ്ഥാന നഗരി ഒരു വിശേഷ ദിവസം ആഘോഷിക്കാൻ അണിഞ്ഞൊരുങ്ങുകയായിരുന്നു. ദയാലുവും പ്രതാപിയുമായ മഹാരാജാവുമുതൽ ഏറ്റവും എളിയ കൂലിപ്പണിക്കാരൻ വരെയുള്ള സകലരും നേരം വെളുത്തപ്പോൾമുതൽ ഉപവാസം ആചരിക്കുകയാണ്. രാത്രിയിൽ, കറുത്ത നൂലും ചുവന്ന നൂലും തമ്മിൽ തിരിച്ചറിയാൻ വയ്യാത്തത്ര ഇരുട്ടായതിനുശേഷം മാത്രമേ ആഹാരം കഴിക്കാവൂ എന്നാണ് നിയമം. ദാഹം സഹിക്കവയ്യെങ്കിൽ ശുദ്ധജലംകൊണ്ട് ചുണ്ടു നനയ്ക്കുവാൻ മാത്രം അനുവാദമുണ്ട്. എന്നാൽ രാത്രി ഉപവാസം അവസാനിക്കുമ്പോൾ മധുരപലഹാരങ്ങളും പഴങ്ങളും മുന്തിരിച്ചാറും ഭൂമുഖത്തുള്ള മറ്റെല്ലാ വിശിഷ്ടഭോജ്യങ്ങളുമടങ്ങിയ ഒരു ഗംഭീരസദ്യയാണ്

എല്ലാവരേയും കാത്തിരിക്കുന്നത്.

അതിപ്രാചീനകാലം മുതൽ ആ നാട്ടിൽ നിലനില്ക്കുന്ന ഒരാചാര മുണ്ട്. ദരിദ്രരേയും അഗതികളേയും ആരോരുമില്ലാത്ത വൃദ്ധന്മാരേയും താമസിക്കാനിടമില്ലാത്ത വഴിയാത്രക്കാരേയും വിശേഷദിവസം രാത്രി വീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്ന് സൽക്കരിക്കുക എന്നതായിരുന്നു ആ ആചാരം. മണിമേടകൾക്കും പുൽക്കുടിലുകൾക്കും ഒരേപോലെ ബാധക മായ ഒരാചാരമായിരുന്നു അത്.

ആ നാട്ടിലെ ഏറ്റവും ബഹുമാന്യനും പ്രമാണിയുമായ ഒരാൾ സന്ധ്യ യ്ക്കു മുമ്പുള്ള പ്രാർത്ഥന കഴിഞ്ഞ് പിരിയുന്ന അവസരത്തിൽ സുഹൃത്തു ക്കളോട് ഇങ്ങനെ പറഞ്ഞു:

'പ്രിയജനങ്ങളേ, എനിക്ക് ഒരെളിയ അപേക്ഷയുണ്ട്. ഇന്ന് തെരുവീഥി കളിലും സത്രങ്ങളിലും കണ്ടുമുട്ടുന്ന പാവങ്ങളെ എല്ലാവരേയും ദയവായി നിങ്ങൾ എന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവരണം. നിർദ്ധനരും നിരാലംബ രുമായ മനുഷ്യരായിരിക്കും ഇന്നത്തെ എന്റെ ഏറ്റവും ബഹുമാന്യരായ അതിഥികൾ.'

അളവറ്റ സമ്പത്തിന്റെ ഉടമയായിരുന്നു ആ മാന്യൻ. അദ്ദേഹത്തിന്റെ സാർത്ഥവാഹകർ നാടായ നാടുമുഴുവൻ സഞ്ചരിച്ച് കച്ചവടം നടത്തിയി രുന്നു. മഹാനദിയുടെ ഉത്ഭവസ്ഥാനത്തു പോലും അവർ ചെന്നെത്തി. അദ്ദേഹത്തിന്റെ കപ്പലുകൾ അടുക്കാത്ത തുറമുഖങ്ങൾ അക്കാലത്തുണ്ടാ യിരുന്നില്ല. വിശാലമായ ഉദ്യാനങ്ങളും ശീതളിമ പകരുന്ന ജലധാരായന്ത്ര ങ്ങളും കൊണ്ട് മോടിപിടിപ്പിച്ച അദ്ദേഹത്തിന്റെ വെണ്ണക്കൽക്കൊട്ടാര ങ്ങൾ ആരുടേയും കണ്ണഞ്ചിക്കാൻ പോന്നവയായിരുന്നു. കണക്കില്ലാത്ത സ്വത്ത് അദ്ദേഹത്തിന് പേരും പെരുമയും നേടിക്കൊടുത്തു. കാരുണ്യവും സത്യസന്ധതയും ബുദ്ധിവൈഭവവുംകൊണ്ട് അദ്ദേഹം ജനങ്ങളുടെ സ്നേഹവും ആദരവും പിടിച്ചുപറ്റി. ദരിദ്രർക്കു ഭിക്ഷകൊടുക്കുന്നതിൽ അദ്ദേഹം ഒരിക്കലും പിശുക്കു കാണിച്ചിട്ടില്ല. നിർഭാഗ്യവാനായ ഒരു സ്നേഹിതനെ ആപത്തിൽ അദ്ദേഹം കൈവെടിയുകയില്ല. അദ്ദേഹം നൽകുന്ന ഉപദേശങ്ങൾ ഏതു വിഷമഘട്ടത്തിലും ഫലപ്രദമായിരുന്നതു കൊണ്ട്, പ്രവാചകന്റെ പ്രതിച്ഛായയായ സാക്ഷാൽ രാജാവുപോലും അദ്ദേഹം പറയുന്നതു കേൾക്കുമായിരുന്നു. അദ്ദേഹത്തിന്റെ അപേക്ഷ കേ ട്ടപ്പോൾ സ്നേഹിതന്മാർ നിലത്തു നെറ്റി മുട്ടിച്ച് വന്ദിക്കുകയും അതു നിറ വേറ്റിക്കൊടുക്കാമെന്ന് വാക്കുകൊടുക്കുകയും ചെയ്തു. അവരിൽ ഒരാൾ പറഞ്ഞു:

'ദയാനിധിയും ദരിദ്രരുടെ രക്ഷകനും ബുദ്ധിശാലിയുമായ സ്നേഹിതാ, എന്റെ വേലക്കാരൻ ഇന്ന് എന്നോടു പറഞ്ഞ കാര്യങ്ങൾ ഞാൻ അങ്ങയോടു പറയാം. വിശ്വാസികളായ എല്ലാവരേയുംപോലെ

Scanned with CamScanner

അവനും ഈ പുണ്യദിനത്തിൽ ദേഹം ശുദ്ധിയാക്കാനായി കുളിപ്പുരയിൽ പോയിരുന്നു.

'കുളിപ്പുരയിൽ ജരാനര ബാധിച്ച അവശനും അശരണനുമായ ഒരു വൃദ്ധൻ ഉണ്ടായിരുന്നു. സമ്പന്നമായ നമ്മുടെ ഈ നഗരത്തിൽ ഭിക്ഷക്കാർ ധാരാളമുണ്ടെങ്കിലും ഇത്ര ശോച്യാവസ്ഥയിലുള്ള ഒരു മനുഷ്യനെ ഇതിനുമുമ്പ് ആരും കണ്ടിട്ടില്ല. പഴകി തേഞ്ഞ ചെരിപ്പുകളും ജീർണ്ണിച്ച ഒരു തുകൽസഞ്ചിയും ദേഹത്തു ചുറ്റിയിരിക്കുന്ന പഴന്തുണികളുമല്ലാതെ സ്വന്തമായി മറ്റൊന്നും അയാൾക്കില്ല.

'ആ വൃദ്ധൻ കുളികഴിഞ്ഞ് പുറത്തുവന്നു നോക്കിയപ്പോൾ അയാളുടെ പഴഞ്ചൻ ചെരിപ്പുകളും കീറ സഞ്ചിയും അവിടെ ഉണ്ടായിരുന്നില്ല. ലാഭം മോഹിച്ച് ആരും അതു മോഷ്ടിച്ചതല്ലെന്ന് തീർച്ച. തമാശക്കുവേണ്ടി ആരോ അതെടുത്തു മാററിയതാണെന്നാണ് എന്റെ വിശ്വാസം. ഏതായാലും അയാളുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. കുളിപ്പുരയിൽ വന്നവർക്കെല്ലാം ഈ സംഭവത്തിൽ കഠിനമായ അമർഷം തോന്നി. എന്നാൽ വൃദ്ധന്റെ മുഖം സങ്കടവും ദേഷ്യവും കൊണ്ട് വാടുന്നതിനുപകരം ആശ്വാസവും ആഹ്ലാദവും കൊണ്ട് വികസിക്കുകയാണു ചെയ്തത്. അതുകണ്ട് എല്ലാവരും അത്ഭുതപ്പെട്ടു. വൃദ്ധൻ കൈകളുയർത്തി അള്ളായോടും വിധിയോടും നന്ദിപറഞ്ഞു. വൃദ്ധൻ അതിനുപയോഗിച്ച വാക്കുകളുടെ ഗാംഭീര്യവും അയാളുടെ ആത്മാർത്ഥതയും വികാരതീവ്രതയും കണ്ട് ആളുകൾ നിശ്ശബ്ദരായി ആദരപൂർവ്വം പിറകോട്ടു മാറിനിന്നു. എന്റെ അഭിപ്രായം അയാൾ ഒരു ഭ്രാന്തനാണെന്നാണ്. എങ്കിലും അയാളുടെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.'

കീർത്തിമാനും ധനവാനുമായ മനുഷ്യൻ തലകുലുക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:

'അയാൾ ഭ്രാന്തനോ ദിവ്യനോ എന്ന് നമുക്കറിഞ്ഞുകൂടാ. എങ്കിലും, പ്രിയസുഹൃത്തേ, അങ്ങ് അയാളെ എന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവരൂ. അയാളായിരിക്കും ഇന്നത്തെ എന്റെ വിശിഷ്ടാതിഥി.'

ഏവരും കാത്തിരുന്ന ശുഭമുഹൂർത്തം സമാഗതമായി. നഗരത്തിലെ വീടുകളിലെല്ലാം വിളക്കുകൾ കത്തി. നെയ്ച്ചോറിന്റേയും പൊരിച്ച കോഴിയുടേയും മസാലകളുടേയും മണം എല്ലാ അടുപ്പുകളിൽനിന്നും ഉതിർന്നു. വൃദ്ധൻ ധനികന്റെ വീട്ടിലേക്ക് ആനയിക്കപ്പെട്ടു. ആതിഥേയൻ മുറ്റത്തുവന്ന് ആദരപൂർവ്വം അയാളുടെ കരം ഗ്രഹിച്ച്, അതിമനോഹരമായി അലങ്കരിച്ച വിരുന്നുമുറിയിലേയ്ക്ക് അയാളെ കൂട്ടിക്കൊണ്ടുപോയി. മേശയ്ക്കരികിൽ വിശിഷ്ടാതിഥിക്കുവേണ്ടിയുള്ള മാന്യസ്ഥാനത്ത് വൃദ്ധനെ ഇരുത്തിയിട്ട് ആതിഥേയൻ തന്നെ അയാൾക്കു വിളമ്പിക്കൊടുത്തു. സ്വാദേറിയ

Scanned with CamScanner

വിഭവങ്ങളുടെ ഏറ്റവും നല്ല ഭാഗം വൃദ്ധന് നൽകാൻവേണ്ടിയാണ് ഗൃഹനാഥൻതന്നെ വിളമ്പിയത്.

സ്നേഹവും വാത്സല്യവുംകൊണ്ട് വൃദ്ധന്റെ മുഖം തിളങ്ങുന്നതു കണ്ട് എല്ലാവരും സന്തോഷിച്ചു. വൃദ്ധന്റെ നരച്ച മുടിയും സൗമ്യഭാവവും ആതിഥേയനെ വളരെയേറെ ആകർഷിച്ചു. അദ്ദേഹം വൃദ്ധനോട് പറഞ്ഞു:

'അഭിവന്ദ്യനായ പിതാവേ, ചെറുതോ വലുതോ ആയ എന്തെങ്കിലും ആഗ്രഹം അങ്ങേയ്ക്കുണ്ടെങ്കിൽ മടികൂടാതെ അത് എന്നോടു പറഞ്ഞാലും. എന്റെ കഴിവിനുള്ളിലാണെങ്കിൽ ഞാൻ അതു സാധിച്ചുതരാം.'

വൃദ്ധൻ പുഞ്ചിരിതൂകിക്കൊണ്ട് അതിനു മറുപടി പറഞ്ഞു:

'നിന്റെ മക്കളേയും ചെറുമക്കളേയും ഇങ്ങോട്ടു വിളിക്കൂ. ഞാൻ അവരെ അനുഗ്രഹിക്കട്ടെ.'

ധനിക വ്യാപാരിയുടെ നാലു പുത്രന്മാരും മൂന്നു പേരക്കിടാങ്ങളും മൂപ്പുമുറയ്ക്ക് ഓരോരുത്തരായി വൃദ്ധന്റെ മുമ്പിലെത്തി മുട്ടുകുത്തിനിന്നു. വൃദ്ധൻ തലയിൽ കൈവച്ച് അവരെ അനുഗ്രഹിച്ചു.

അതുകഴിഞ്ഞ് ആതിഥേയൻതന്നെ വൃദ്ധന്റെ മുമ്പിൽ മുട്ടുകുത്തിനിന്നു. വൃദ്ധൻ അദ്ദേഹത്തിന്റെ ശിരസ്സിൽ കൈവച്ച് അനുഗ്രഹിക്കുക മാത്രമല്ല അദ്ദേഹത്തെ കെട്ടിപ്പിടിക്കുകയും ഇരുകവിളുകളിലും പിന്നീട് ചുണ്ടിലും ചുംബിക്കുകയും ചെയ്തു.

ധനികവ്യാപാരി എണീറ്റുനിന്ന് വികാരവിവശനായി ഇങ്ങനെ പറഞ്ഞു: 'വന്ദ്യപിതാവേ, തുറന്നു ചോദിക്കുന്നത് ക്ഷമിക്കണം. ജിജ്ഞാസകൊണ്ടുമാത്രമല്ല ഞാനിതു ചോദിക്കുന്നതെന്ന് അങ്ങ് ധരിച്ചാലും. അങ്ങ് ഇവിടെ കാൽകുത്തിയ നിമിഷം മുതൽ ഞാൻ അങ്ങയെ ഉറ്റുനോക്കുകയാണ്. എനിക്ക് എന്റെ കണ്ണുകളെ പിൻവലിക്കാൻ കഴിയുന്നില്ല. വന്ദ്യപിതാവേ, അങ്ങ് വളരെക്കാലം മുമ്പ് എപ്പോഴെങ്കിലും എന്നെ കണ്ടിട്ടുണ്ടോ?'

'മകനെ, ഞാൻ നിനക്കു മാപ്പു തന്നിരിക്കുന്നു,' വാത്സല്യം വഴിഞ്ഞൊഴുകുന്ന ഒരു പുഞ്ചിരിയോടെ വൃദ്ധൻ പറഞ്ഞു. 'നിന്റെ ചോദ്യത്തിന് ഉത്തരം പറയുന്നതിനുമുമ്പ് ഞാൻ നിന്നോട് ഒരു ചോദ്യം ചോദിക്കട്ടെ. ഒരു ചെറിയ അരുവിയുടെ കരയിലെ തണലുള്ള ഒരു മരത്തോപ്പ് നിനക്ക് ഓർമ്മയുണ്ടോ? അവിടെ മരക്കൂട്ടത്തിനു നടുക്കുള്ള ഒരു ചെറിയ വെളിമ്പ്രദേശത്തിരുന്ന് രണ്ടുപേർ— ഒരച്ഛനും മകനും— തുകൽ സഞ്ചികളിലിരുന്ന രത്നങ്ങളും സ്വർണ്ണവും തുല്യമായി പങ്കിട്ടെടുത്തത് ഓർക്കുന്നുണ്ടോ?'

ധനികവ്യാപാരി വൃദ്ധന്റെ മുമ്പിൽ മുട്ടുകുത്തി അയാളുടെ പാദങ്ങൾക്കിടയിലുള്ള തറയിൽ ചുംബിച്ചു. പിന്നീട് എണീററു നിന്ന് ഇങ്ങിനെ പറഞ്ഞു:

'വാപ്പാ, എന്റെ പ്രിയപ്പെട്ട വാപ്പാ, അങ്ങയെ തിരിച്ചുകൊണ്ടുവന്ന

Scanned with CamScanner

സർവ്വശക്തനായ അള്ളായ്ക്കു നന്ദി. അങ്ങയുടെ വീടും പുത്രനും ചെറുമക്കളും ഇതാ അങ്ങയെ കാത്തു നിൽക്കുന്നു.'

പരസ്പരം കെട്ടിപ്പിടിക്കുകയും ആനന്ദാശ്രുക്കൾ പൊഴിക്കുകയും ചെയ്തുകൊണ്ട് അവർ വളരെനേരം അങ്ങിനെ നിന്നു. ഒടുവിൽ എല്ലാവരും ശാന്തരായപ്പോൾ ധനിക വ്യാപാരി സ്നേഹപൂർവ്വം പിതാവിനോടു ചോദിച്ചു:

'പ്രിയപ്പെട്ട വാപ്പാ, വളരെക്കാലം മുമ്പ് ആ പ്രഭാതത്തിൽ അങ്ങ് നമുക്കുള്ളതെല്ലാം രണ്ടായി പങ്കിടുകയും വളരെക്കാലത്തേക്ക്– ഒരുപക്ഷേ എന്നെന്നേക്കും– നമ്മൾ വേർപിരിയണമെന്ന് തീരുമാനിക്കുകയും ചെയ്തത് എന്തുകൊണ്ടാണ്?'

വൃദ്ധൻ പറഞ്ഞു:

'യാത്ര തുടങ്ങിയതുമുതൽ അസൂയാവഹമായ ഭാഗ്യം നമ്മെ എല്ലായിടത്തും കാത്തിരിക്കുകയായിരുന്നുവെന്ന് നീ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. വിധിയുടെ തിരിച്ചടി ഉണ്ടായേക്കുമോ എന്നു പേടിച്ച് ഞാൻ 'ഇൻഷല്ല,' എന്ന് ഉരുവിട്ടുകൊണ്ടിരുന്നു. ആ സത്രത്തിൽ ഏവർക്കും കാണാവുന്ന സ്ഥലത്ത് നാം മറന്നുവച്ച സഞ്ചികൾ ആരും തൊടാതെ അവിടെത്തന്നെ ഇരിക്കുന്നത് കണ്ടപ്പോൾ എനിക്ക് എന്റെ ഭാഗ്യത്തെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരാൾക്ക് ഇത്രയധികം ഭാഗ്യം ഉണ്ടാകുന്നതെങ്ങിനെ? അതിന്റെ തിരിച്ചടിയായി മുന്നിൽ ദൗർഭാഗ്യവും ദുഃഖവും നമ്മെ കാത്തിരിക്കുന്നുണ്ടാവുമെന്ന് ഞാൻ തീർച്ചപ്പെടുത്തി. എന്റെ സീമന്തപുത്രനായ നിന്നേയും നമ്മുടെ കുടുംബത്തേയും ദൗർഭാഗ്യം പിടികൂടാതിരിക്കാൻവേണ്ടിയാണ് ഞാൻ അന്ന് പിരിഞ്ഞുപോയത്. വിധിയുടെ തടുക്കാനാവാത്ത കൈകൾ എന്നെ പിൻതുടരുകയും നിന്നെ വെറുതെ വിടുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിച്ചു. കൊടുങ്കാറ്റു വരുമ്പോൾ മരച്ചുവട്ടിൽ അഭയം തേടുന്നത് വിഡ്ഢിത്തമാണല്ലോ. അതുകൊണ്ട് ഞാൻ നിങ്ങളെ സംരക്ഷിക്കാൻ നിൽക്കുന്നതിൽ അർത്ഥമില്ലെന്ന് എനിക്കറിയാമായിരുന്നു... നാം വേർപിരിഞ്ഞതിനുശേഷം ഞാൻ അനുഭവിച്ച കഷ്ടപ്പാടും ദുരിതവും എത്ര ഭയങ്കരമായിരുന്നെന്ന് അറിയുമ്പോൾ അന്ന് ഞാൻ ചെയ്തത് ശരിയായിരുന്നെന്ന് നിനക്കു ബോദ്ധ്യമാകും.'

വൃദ്ധന്റെ ബുദ്ധികൂർമ്മതയേയും കുടുംബസ്നേഹത്തേയും എല്ലാവരും വാഴ്ത്തി.

അവിടെ കൂടിയിരുന്നവരിൽ ഏറ്റവും പ്രായംകൂടിയ ഒരു മാന്യൻ വൃദ്ധനോട് ആദരപൂർവ്വം ചോദിച്ചു:

'പിതൃസഹോദരാ, അങ്ങയുടെ ആകെ സ്വത്തായ ആ കീറസഞ്ചി മോഷ്ടിക്കപ്പെട്ടപ്പോൾ ദുഃഖിക്കുന്നതിനു പകരം അങ്ങ് സന്തോഷിച്ചത് എന്തുകൊണ്ടാണ്? എന്റെ അറിവില്ലായ്മകൊണ്ട് ചോദിക്കുകയാണ്.

Scanned with CamScanner

അങ്ങ് മറുപടി പറഞ്ഞാലും.'

ദയാമസൃണമായ ഒരു പുഞ്ചിരിയോടെ വൃദ്ധൻ പറഞ്ഞു:

'വിധി എന്നെ മതിയാവോളം ശിക്ഷിച്ചുകഴിഞ്ഞെന്ന് എനിക്ക് ആ നിമിഷം മനസ്സിലായി. അതുകൊണ്ടാണ് ഞാൻ സന്തോഷിച്ചത്. പിച്ചപ്പാത്രം പോലും നഷ്ടപ്പെട്ട ഒരു പിച്ചക്കാരന് ഇനി കൂടുതൽ ദൗർഭാഗ്യം വരാൻ ഒന്നുമില്ല എന്ന ചിന്തയാണ് എനിക്ക് ആശ്വാസമരുളിയത്. അതു ശരിയായിരുന്നെന്ന് തെളിയുകയും ചെയ്തു! അതേ ദിവസമാണല്ലോ എനിക്ക് എന്റെ മകനേയും ചെറുമക്കളേയും തിരിച്ചുകിട്ടിയത്. എന്റെ ദുർവിധി അവരെ പിടികൂടിയില്ല എന്ന ആശ്വാസത്തോടെ എനിക്ക് ശേഷിച്ച ജീവിതം അവരോടൊപ്പം സുഖമായും സന്തോഷമായും കഴിക്കാം.'

എല്ലാവരും വീണ്ടും അദ്ദേഹത്തെ നമസ്കരിച്ചുകൊണ്ട് ഒരേ ശബ്ദത്തിൽ പറഞ്ഞു:

'കിസ്മത്.'

Scanned with CamScanner